# സൂറ – 29 / അൽ അൻകബൂത്ത്

**സൂക്തം: 28 – 35**

മറ്റു കാര്യങ്ങളിലെന്നപോലെ ലൈംഗികതയിലും അപഭ്രംശവും വൈകൃതവുമുള്ള വ്യക്തികൾ എന്നും ഉണ്ടായിരുന്നിരിക്കാം. പക്ഷേ, സമൂഹത്തിൽ ആരും അതിനെ മാന്യമായ നടപടിയായി അംഗീകരിച്ചിരുന്നില്ല. ജുഗുപ്സാവഹമായ ആഭാസമായിട്ടാണ് കണ്ടിരുന്നത്. അതുകൊണ്ട് ആ ദുശ്ശീലമുള്ളവർ വളരെ രഹസ്യമായിട്ടാണ് അത് ചെയ്തിരുന്നത്. എന്നാൽ സ്വവർഗരതിയെ പരസ്യമായി ചെയ്യാവുന്ന മാന്യവും പരിഷ്കൃതവുമായ സാമൂഹികാചാരമാക്കുകയായിരുന്നു ലൂത്വ് ജനത.



وَلُوطًا إِذْ قَالَ لِقَوْمِهِ إِنَّكُمْ لَتَأْتُونَ الْفَاحِشَةَ مَا سَبَقَكُم بِهَا مِنْ أَحَدٍ مِّنَ الْعَالَمِينَ ﴿٢٨﴾

28. ലൂത്വിനെയും അല്ലാഹു പ്രവാചകനായി നിയോഗിച്ചു. അദ്ദേഹം സ്വജനത്തോട് പറഞ്ഞത് ഓർക്കുക; നിങ്ങൾക്കു മുമ്പ് ലോകത്താരും ചെയ്തിട്ടില്ലാത്ത മ്ലേഛവൃത്തിയല്ലോ നിങ്ങൾ ചെയ്യുന്നത്!

أَئِنَّكُمْ لَتَأْتُونَ الرِّجَالَ وَتَقْطَعُونَ السَّبِيلَ وَتَأْتُونَ فِي نَادِيكُمُ الْمُنكَرَ ۖ فَمَا كَانَ جَوَابَ قَوْمِهِ إِلَّا أَن قَالُوا ائْتِنَا بِعَذَابِ اللَّهِ إِن كُنتَ مِنَ الصَّادِقِينَ ﴿٢٩﴾

29. പുരുഷന്മാരെ പ്രാപിക്കുകയും വഴികൾ കൊള്ളയടിക്കുകയുമല്ലയോ നിങ്ങൾ? സ്വന്തം സഭകളിൽ പരസ്യമായി നീചകൃത്യങ്ങളിലേർപ്പെടുകയും ചെയ്യുന്നുവല്ലോ. 'നീ സത്യവാനെങ്കിൽ ദൈവശിക്ഷയിങ്ങു കൊണ്ടു വന്നാട്ടെ' എന്നു ഘോഷിച്ചതു മാത്രമായിരുന്നു ആ ജനത്തിന്റെ മറുപടി.

قَالَ رَبِّ انصُرْنِي عَلَى الْقَوْمِ الْمُفْسِدِينَ ﴿٣٠﴾

30. ലൂത്വ് പ്രാർഥിച്ചു; നാഥാ, ഈ നാശകാരികളായ ജനത്തിനെതിരെ എന്നെ സഹായിക്കേണമേ!

**28–30**

وَلُوطًا = ലൂത്വിനെയും (അല്ലാഹു പ്രവാചകനായി നിയോഗിച്ചു) إِذْ قَالَ لِقَوْمِهِ = അദ്ദേഹം സ്വജനത്തോട് പറഞ്ഞത് ഓർക്കുക

إِنَّكُمْ لَتَأْتُونَ الْفَاحِشَةَ = മ്ലേഛവൃത്തിയല്ലോ നിങ്ങൾ ചെയ്യുന്നത്

مَا سَبَقَكُم بِهَا = അതുകൊണ്ട് നിങ്ങളെ മുൻകടന്നിട്ടില്ല (മുമ്പ് ചെയ്തിട്ടില്ലാത്ത)

مِنْ أَحَدٍ مِّنَ الْعَالَمِينَ = ലോകരിൽനിന്ന് ആരാലും (ലോകത്താരും)

أَئِنَّكُمْ لَتَأْتُونَ الرِّجَالَ = നിങ്ങൾ പുരുഷന്മാരുടെ അടുത്തുതന്നെ ചെല്ലുന്നുവോ (പുരുഷന്മാരെ പ്രാപിക്കുകയും)

وَتَقْطَعُونَ السَّبِيلَ = നിങ്ങൾ വഴി(കൾ) മുറി(കൊള്ളയടി)ക്കുകയുമല്ലയോ

وَتَأْتُونَ = നിങ്ങൾ കൊണ്ടുവരികയും(പരസ്യമായി ഏർപ്പെടുകയും) ചെയ്യുന്നുവല്ലോ فِي نَادِيكُمُ = നിങ്ങളുടെ സഭകളിൽ

الْمُنكَرَ = നീചകൃത്യം(ങ്ങളിൽ) فَمَا كَانَ جَوَابَ قَوْمِهِ = അവരുടെ (ആ ജനത്തിന്റെ) മറുപടി ആയിരുന്നില്ല

إِلَّا أَن قَالُوا = അവർ ഘോഷിച്ചതു (മാത്രമായിരുന്നു) അല്ലാതെ

ائْتِنَا بِعَذَابِ اللَّهِ = നീ ദൈവ ശിക്ഷ (ഇങ്ങു) ഞങ്ങൾക്ക് കൊണ്ടുവന്നാട്ടെ
إِن كُنتَ مِنَ الصَّادِقِينَ = നീ സത്യവാ(ൻ)ന്മാരിൽ പെട്ടവനാണെങ്കിൽ
قَالَ = അദ്ദേഹം (ലൂത്വ് പ്രാർഥിച്ചു) പറഞ്ഞു رَبِّ = എന്റെ നാഥാ
انصُرْنِي = നീ എന്നെ സഹായിക്കേണമേ عَلَى الْقَوْمِ الْمُفْسِدِينَ = ഈ നാശകാരികളായ ജനത്തിനെതിരെ

ഇബ്റാഹീം നബിയെ അനുസ്മരിച്ച ശേഷം അദ്ദേഹത്തിന്റെ സമകാലീന പ്രവാചകനായിരുന്ന ലൂത്വ് നബിയെ അനുസ്മരിക്കുകയാണ്. ഏറെ പീഡനങ്ങളും കഷ്ടപ്പാടുകളും അനുഭവിച്ച പ്രവാചകനായിരുന്നു അദ്ദേഹവും. വിഗ്രഹാരാധനയും മറ്റ് അധാർമികതകളുമെല്ലാം നടമാടിയിരുന്ന ലൂത്വ് ജനതയുടെ ഏറ്റവും ഗുരുതരമായ കുറ്റം സ്വവർഗ സംഭോഗത്തെ ഒരു ഫാഷനും സാമൂഹിക പരിഷ്കാരവുമാക്കിയതായിരുന്നു. നേരത്തേ *അൽ അഅ്റാഫ്* 80-84 *ഹൂദ്* 70-89, *അൽ ഹിജ്ർ* 59-61, *അൽ അമ്പിയാഅ്* 71-74, *അശ്ശുഅറാഅ്* 160-167, *അന്നംല്* 54 സൂക്തങ്ങളിൽ ലൂത്വ് ചരിത്രം പരാമർശിച്ചിരിക്കുന്നു. വിശദീകരണം *ഖുർആൻ ബോധനം* പ്രസ്തുത സൂക്തങ്ങൾക്കു താഴെ കാണാം. ജനങ്ങളുടെ സ്വവർഗഭോഗ ഭ്രമത്തെയാണ് الْفَاحِشَةَ എന്നു വിശേഷിപ്പിച്ചിരിക്കുന്നത്. فاحشة എന്ന മൂലപദത്തിന്റെ അർഥം *അൽ അഅ്റാഫ്* 28, *അന്നിസാഅ്* 15,19,22,25 സൂക്തങ്ങൾക്കു താഴെ *ഖുർആൻ ബോധനം* വിശദമാക്കിയിരിക്കുന്നു. വ്യഭിചാരത്തെക്കുറിച്ച് ഖുർആൻ إِنَّهُ كَانَ فَاحِشَةً (അതൊരു ഫാഹിശത്ത് ആകുന്നു) എന്ന് പ്രസ്താവിച്ചിട്ടുണ്ട്. വ്യഭിചാരത്തിന്റെ വിശേഷണം തന്നെ സ്വവർഗ രതിക്കും നൽകിയതിനാൽ ചില പണ്ഡിതന്മാർ വ്യഭിചാരത്തിനു തുല്യമായ അനാശാസ്യ നടപടിയാണ് സ്വവർഗ രതി എന്നും വ്യഭിചാരക്കുറ്റത്തിന്റെ ശിക്ഷ തന്നെയാണ് ഈ കുറ്റത്തിന്റെ ശിക്ഷയെന്നും അഭിപ്രായപ്പെട്ടിരിക്കുന്നു. സ്വവർഗ രതി സംബന്ധിച്ച ശരീഅത്ത് വിധി *ഖുർആൻ ബോധനം അൽഅഅ്റാഫ്* 84-ാം സൂക്തത്തിനു താഴെ ചർച്ച ചെയ്തിരിക്കുന്നു.

أَإِنَّكُمْ لَتَأْتُونَ الرِّجَالَ - لَتَأْتُونَ الْفَاحِشَةَ എന്നീ വാക്കുകളിലൂടെ ലൂത്വ് (അ), അവരോട് പറയുന്നത്, ഇത് നിങ്ങൾ വാദിക്കുന്നതുപോലെ ഒരു ഫാഷനോ സാംസ്കാരിക വികാസമോ ഒന്നുമല്ല, തികഞ്ഞ മ്ലേഛവൃത്തി മാത്രമാണെന്നും പുരുഷൻ പുരുഷനിലൂടെ ലൈംഗിക സുഖം തേടുന്നത് ഒരിക്കലും പരിഷ്കാരമോ സംസ്കാരമോ ആകുന്നില്ലെന്നും മറിച്ച് ജുഗുപ്സാവഹമായ ആഭാസമാണെന്നുമാകുന്നു. നിങ്ങൾക്കു മുമ്പ് ലോകരിലാരും ഇങ്ങനെ ചെയ്തിട്ടില്ല എന്നു പറയുന്നത്, അതിനു മുമ്പ് ലോകത്ത് ഒരു മനുഷ്യനും സ്വവർഗരതി ചെയ്തിട്ടില്ല എന്ന അർഥത്തിലല്ല. മറ്റു കാര്യങ്ങളിലെന്ന പോലെ ലൈംഗികതയിലും അപഭ്രംശവും വൈകൃതവുമുള്ള വ്യക്തികൾ എന്നും ഉണ്ടായിരുന്നിരിക്കാം. പക്ഷേ, സമൂഹത്തിൽ ആരും അതിനെ മാന്യമായ നടപടിയായി അംഗീകരിച്ചിരുന്നില്ല. ജുഗുപ്സാവഹമായ ആഭാസമായിട്ടാണ് കണ്ടിരുന്നത്. അതുകൊണ്ട് ആ ദുശ്ശീലമുള്ളവർ വളരെ രഹസ്യമായിട്ടാണ് അത് ചെയ്തിരുന്നത്. എന്നാൽ സ്വവർഗരതിയെ പരസ്യമായി ചെയ്യാവുന്ന മാന്യവും പരിഷ്കൃതവുമായ സാമൂഹികാചാരമാക്കുകയായിരുന്നു ലൂത്വ് ജനത. وَتَأْتُونَ فِي نَادِيكُمُ الْمُنكَرَ സൂചിപ്പിക്കുന്നതിതാണ്. *അന്നംല്* 54-ാം സൂക്തത്തിൽ أَتَأْتُونَ الْفَاحِشَةَ وَأَنتُمْ تُبْصِرُونَ - കാഴ്ചക്കാരുടെ കൺമുമ്പിൽ വച്ച് നിങ്ങൾ ഈ മ്ലേഛ വൃത്തി ചെയ്യുകയോ- എന്ന് ലൂത്വ് നബി ചോദിക്കുന്നുണ്ട്. ആളുകൾ സംസാരത്തിനും കാര്യാലോചനക്കും വിനോദത്തിനുമൊക്കെ പകൽ സമയത്ത് ഒത്തുകൂടുന്ന സ്ഥലം- സഭയാണ് نادى. രാത്രി വെടിപറയാൻ ഒത്തു കൂടുന്ന സ്ഥലത്തിന് سامر എന്നു പറയുന്നു. نَادِيكُمُ الْمُنكَرَ എന്ന വാക്യം സൂചിപ്പിക്കുന്നത് അവരുടെ സഭകളിൽ സ്വവർഗഭോഗാനുഭവങ്ങൾ പങ്കുവെച്ചിരുന്നതിനെയും ഈ ദുരാചാരത്തെ മഹത്വവൽക്കരിച്ചിരുന്നതിനെയുമാണെന്ന് ചില വ്യാഖ്യാതാക്കൾ അഭിപ്രായപ്പെട്ടിരിക്കുന്നു.

ലൂത്വ് ജനതയുടെ അപലപനീയമായ മറ്റൊരു ദുഷ്ടതയായിരുന്നു സഞ്ചാരികൾക്കെതിരെയുള്ള അതിക്രമം. സിറിയയിലേക്കുള്ള അറബികളുടെ വ്യാപാരപാതയിലാണ് സദോം സ്ഥിതി ചെയ്തിരുന്നത്. യാത്രക്കാരെ ദ്രോഹിക്കുക, അവരുടെ ചരക്കുകൾ കൊള്ളയടിക്കുക, അവരിൽ താൽപര്യം തോന്നുന്നവരെ പിടികൂടി സ്വവർഗ ഭോഗത്തിനിരയാക്കുക തുടങ്ങിയ നാനാവിധ അതിക്രമങ്ങൾ സദോമികൾ നിർബാധം ചെയ്തുകൊണ്ടിരുന്നു. ഇതിനെയാണ് وَتَقْطَعُونَ السَّبِيلَ എന്ന വാക്ക് സൂചിപ്പിക്കുന്നതെന്നാണ് പ്രബലമായ വ്യാഖ്യാനം. ഈ വാക്യത്തിന്റെ ഭാഷാർഥം 'നിങ്ങൾ വഴി മുറിക്കുന്നു' എന്നാണ്. വഴിക്കൊള്ള ഉൾപ്പെടെ, സുഗമമായ യാത്രക്ക് വിഘാതമാകുന്ന എല്ലാ നടപടികളെയും ഉൾക്കൊള്ളുന്ന പ്രയോഗമാണത്. യാത്രക്കാരെ കൊള്ളയടിക്കുന്നതിന് قطع الطريق എന്നും കൊള്ളക്കാരെ قطّاع الطريق എന്നും പറയും.

تَقْطَعُونَ السَّبِيلَ-ക്ക് ചില പണ്ഡിതന്മാർ നൽകുന്ന അർഥം 'നിങ്ങൾ പ്രകൃതിയുടെ മാർഗം തടയുന്നു' എന്നാണ്. വംശത്തിന്റെ നിലനിൽപിനെയും വർധനവിനെയും ലക്ഷ്യമാക്കിയാണ് പ്രകൃതി മനുഷ്യന്റെ ലൈംഗികതയെ സംവിധാനിച്ചിട്ടുള്ളത്. സ്ത്രീ-പുരുഷ സഹകരണത്തെയും സന്താന പരിപാലനത്തെയും തദ്വാരാ സാമൂഹിക ബന്ധത്തെയും എല്ലാം അതുൾക്കൊള്ളുന്നുണ്ട്. പുരുഷൻ പുരുഷനിലൂടെയും സ്ത്രീ സ്ത്രീയിലൂടെയും ലൈംഗിക സംതൃപ്തി കണ്ടെത്തുമ്പോൾ ഈ സംവിധാനം പൂർണമായി തടയപ്പെടുന്നു. വംശവർധനവിന്റെ ശൃംഖല ഛേദിക്കപ്പെടുന്നു. മനുഷ്യവംശത്തോടുതന്നെ ചെയ്യുന്ന മഹാപരാധമാണിത്. വാക്യത്തിലെ പദങ്ങളും സന്ദർഭവും ഈ വ്യാഖ്യാനത്തെയും സാധൂകരിക്കുന്നുണ്ട്. ഇപ്പറഞ്ഞ രണ്ട് ആശയങ്ങളെയും تَقْطَعُونَ السَّبِيلَ-യിൽ ഉദ്ദേശിച്ചിരിക്കുന്നുവെന്നാണ് അല്ലാമാ ശഅ്റാവിയെപ്പോലുള്ള പണ്ഡിതന്മാരുടെ നിലപാട്.

ലൂത്വ് നബിയുടെ വിമർശനത്തിന്റെ യാഥാർഥ്യത്തെക്കുറിച്ച് ചിന്തിക്കാനോ അതേപ്പറ്റി സത്യസന്ധമായി ചർച്ച ചെയ്യാനോ സദോമികൾ തയാറായില്ല. മറ്റ് ധർമധിക്കാരികളെപ്പോലെ പ്രവാചകനെ നിന്ദിക്കുകയും അദ്ദേഹത്തിന്റെ സന്ദേശത്തെ തള്ളിപ്പറയുകയുമാണ് അവരും ചെയ്തത്.

അവർക്കു പറയാനുണ്ടായിരുന്നത് ഇതു മാത്രമാണ്: ഞങ്ങൾ ഞങ്ങൾക്കിഷ്ടപ്പെട്ട ലൈംഗികരീതി സ്വീകരിക്കുന്നത് മ്ലേച്ഛമായ അശ്ലീലവും ആഭാസവും മഹാപരാധവുമൊക്കെയാണെന്നും അതു തുടർന്നാൽ ഞങ്ങൾ ദൈവശിക്ഷക്കിരയായിത്തീരുമെന്നും ഭീഷണിപ്പെടുത്തുകയാണല്ലോ നീ. ശരി, നീ പറയുന്നതു സത്യമാണെങ്കിൽ അപ്പറഞ്ഞ ദൈവശിക്ഷ ഒന്നിങ്ങു നടത്തിക്കാണിച്ചാട്ടേ; അപ്പോൾ ഞങ്ങൾ നിന്നെ വിശ്വസിച്ചുകൊള്ളാം.

സ്വജനം ഒരു വിധത്തിലും തന്റെ പ്രബോധനം മാനിക്കാൻ തയാറല്ലെന്ന് ബോധ്യമായപ്പോൾ ലൂത്വ് (അ) പ്രാർഥിച്ചു: നാഥാ, ഈ ജനതയെ സംസ്കരിക്കാൻ ഞാൻ നടത്തിയ യത്നങ്ങളെല്ലാം നിഷ്ഫലമായിരിക്കുന്നു. ഇനി ഈ ദുഷ്ട ജനത്തിനെതിരെ നീ എന്നെ സഹായിക്കേണമേ. ജനതയെ مُفْسِدِينَ- നാശകാരികൾ എന്നു വിശേഷിപ്പിച്ചതിലൂടെ അവർ ദൈവശിക്ഷക്ക് അർഹരായി കഴിഞ്ഞിരിക്കുന്നു എന്ന് സൂചിപ്പിക്കുകയാണ്. അല്ലാഹു നാശകാരികളുടെ വാഴ്വ് ഇഷ്ടപ്പെടുന്നില്ല -ان الله لا يحب المفسدين എന്നത് പൊതുതത്ത്വമാണല്ലോ. ●

---

وَلَمَّا جَاءَتْ رُسُلُنَا إِبْرَاهِيمَ بِالْبُشْرَىٰ قَالُوا إِنَّا مُهْلِكُو أَهْلِ هَٰذِهِ الْقَرْيَةِ ۖ إِنَّ أَهْلَهَا كَانُوا ظَالِمِينَ ﴿٣١﴾

31. നമ്മുടെ ദൂതന്മാർ സുവിശേഷവുമായി ഇബ്റാഹീമിന്റെ അടുത്തു വന്നപ്പോൾ അദ്ദേഹത്തെ അറിയിച്ചു: ഞങ്ങൾ ഈ നാട്ടുകാരെ ശിക്ഷിക്കാൻ പോകുന്നു. ഈ നാട്ടുകാർ തികച്ചും അതിക്രമകാരികളായിക്കഴിഞ്ഞിരിക്കുന്നു.

قَالَ إِنَّ فِيهَا لُوطًا ۚ قَالُوا نَحْنُ أَعْلَمُ بِمَن فِيهَا ۖ لَنُنَجِّيَنَّهُ وَأَهْلَهُ إِلَّا امْرَأَتَهُ كَانَتْ مِنَ الْغَابِرِينَ ﴿٣٢﴾

32. ഇബ്റാഹീം പറഞ്ഞു: അവിടെ ലൂത്വ് ഉണ്ടല്ലോ. മലക്കുകൾ പറഞ്ഞു; അവിടെ ഉള്ളതാരാണെന്ന് ഞങ്ങളാണ് ഏറ്റവും അറിയുന്നത്. ലൂത്വിനെയും കുടുംബത്തെയും തീർച്ചയായും ഞങ്ങൾ രക്ഷപ്പെടുത്തുന്നതാകുന്നു. അദ്ദേഹത്തിന്റെ പത്നിയെ ഒഴിച്ച്; അവൾ പുറകിൽ അവശേഷിക്കുന്നവരുടെ കൂട്ടത്തിലാകുന്നു.

**31,32**

وَلَمَّا جَاءَتْ رُسُلُنَا إِبْرَاهِيمَ بِالْبُشْرَىٰ = നമ്മുടെ ദൂതന്മാർ സുവിശേഷവുമായി ഇബ്റാഹീമിന്റെ അടുത്തു വന്നപ്പോൾ

قَالُوا = അവർ പറഞ്ഞു (അദ്ദേഹത്തെ അറിയിച്ചു)

إِنَّا مُهْلِكُو أَهْلِ هَٰذِهِ الْقَرْيَةِ = ഞങ്ങൾ ഈ നാടിന്റെ ആളുകളെ നശിപ്പിക്കുന്നവരാകുന്നു (ഈ നാട്ടുകാരെ നശിപ്പിക്കാൻ പോകുന്നു)

إِنَّ أَهْلَهَا = തീർച്ചയായും അതിലെ ആളുകൾ كَانُوا ظَالِمِينَ = (തികച്ചും) അതിക്രമികളായിക്കഴിഞ്ഞിരിക്കുന്നു

قَالَ = അദ്ദേഹം (ഇബ്റാഹീം) പറഞ്ഞു إِنَّ فِيهَا لُوطًا = അതിൽ (അവിടെ) ലൂത്വ് ഉണ്ട്(ല്ലോ)

قَالُوا = അവർ (മലക്കുകൾ) പറഞ്ഞു نَحْنُ أَعْلَمُ = ഞങ്ങളാണ് ഏറ്റവുമറിയുന്നത്

بِمَن فِيهَا = അതിൽ (അവിടെ ഉള്ളതാരാണെന്ന്) ഉള്ളവരെക്കുറിച്ച്

لَنُنَجِّيَنَّهُ = തീർച്ചയായും അദ്ദേഹത്തെ (ലൂത്വിനെയും) ഞങ്ങൾ രക്ഷിക്കുന്നതാകുന്നു

وَأَهْلَهُ = അദ്ദേഹത്തിന്റെ കുടുംബത്തെയും إِلَّا امْرَأَتَهُ = അദ്ദേഹത്തിന്റെ പത്നിയെ ഒഴിച്ച്

كَانَتْ مِنَ الْغَابِرِينَ = അവൾ പുറകിൽ അവശേഷിക്കുന്നവരുടെ കൂട്ടത്തിലാകുന്നു

ഇവിടെ رُسُلُنَا- നമ്മുടെ ദൂതന്മാർ- മലക്കുകളാണ്. പുത്രലബ്ധിയുടെ സുവിശേഷമാണ് بُشْرَىٰ. ലൂത്വ് ജനതയെ ശിക്ഷിക്കാൻ നിയുക്തരായ മലക്കുകളോട് ആദ്യം ഇബ്റാഹീം നബിയെ സന്ദർശിച്ച് സുവിശേഷമറിയിക്കാനും കൽപിച്ചിരുന്നു. കോമള കുമാരന്മാരുടെ വേഷത്തിലാണ് മലക്കുകൾ ഇബ്റാഹീം നബിയുടെ വീട്ടിൽ ചെന്നത്. ഇസ്ഹാഖ് നബിയുടെ ജനനം പ്രവചിച്ചതോടൊപ്പം ലൂത്വ് ജനതയെ നശിപ്പിക്കുക കൂടി തങ്ങളുടെ ദൗത്യമാണെന്ന് മലക്കുകൾ അദ്ദേഹത്തെ അറിയിച്ചു. 'ഈ നാട്' കൊണ്ട് മലക്കുകൾ ഉദ്ദേശിച്ചത് സദോമിനെയാണ്. ഇപ്പോൾ ചാവു കടലിന്റെ ഭാഗമായ ആ ദേശം അക്കാലത്ത് ഇബ്റാഹീം നബി വസിച്ചിരുന്ന ഹെബ്രോണിനടുത്താണ്. ഹെബ്രോണിലെ മലമുകളിൽനിന്ന് നോക്കിയാൽ കാണാവുന്ന ദൂരമേ ഉണ്ടായിരുന്നുള്ളൂ. അതുകൊണ്ട് അങ്ങോട്ടു ചൂണ്ടിക്കൊണ്ടായിരിക്കാം മലക്കുകൾ അതിനെ 'ഈ നാട്' എന്നു പറഞ്ഞത്. അല്ലാഹു ഒരേ കരം കൊണ്ട് അനുഗ്രഹവും നിഗ്രഹവും ചെയ്യുന്നുവെന്ന സത്യത്തിന്റെ ഉദാഹരണമായി ഇതിനെ കാണാം. ഒരു മഴ ചിലയാളുകൾക്ക് രക്ഷയും ചിലയാളുകൾക്ക് ശിക്ഷയും ആകുന്നതുപോലെ ഇബ്റാഹീം നബിക്ക് പുത്രഭാഗ്യത്തിന്റെ സുവിശേഷവുമായി വന്ന മലക്കുകൾ തന്നെ ലൂത്വ് ജനതയുടെ സർവനാശത്തിന്റെ മുന്നോടിയായും വന്നു. അനുഗ്രഹവും നിഗ്രഹവും വിരുദ്ധ ദേവതകളുടെ വകുപ്പുകളാണെന്ന ബഹുദൈവത്വ സങ്കൽപത്തെ ഇതു നിഷേധിക്കുന്നു.

ലൂത്വ് ജനതയെ നശിപ്പിക്കുന്നതിന്റെ ന്യായം വ്യക്തമാക്കുകയാണ് ...إِنَّ أَهْلَهَا എന്ന സൂക്ത ഖണ്ഡം. ലൂത്വ് ജനതയെ നശിപ്പിക്കുന്നത്. അവർ അവരോടു തന്നെ ചെയ്ത കൊടിയ അധർമത്തിന്റെ അനിവാര്യ ഫലമായിട്ടാണ്. പ്രകൃതിയുടെ മാർഗം നിസ്സങ്കോചം കൈവെടിഞ്ഞ് അവർ ധിക്കാരപൂർവം അപഥ സഞ്ചാരം ചെയ്തു. അതിന്റെ തിക്ത ഫലത്തെക്കുറിച്ച് പ്രവാചകൻ നൽകിയ മുന്നറിയിപ്പുകളൊന്നും ചെവിക്കൊണ്ടില്ല. പകരം 'നീ താക്കീതു ചെയ്യുന്ന ദൈവശിക്ഷ ഇങ്ങു കൊണ്ടുവാ' എന്ന് ധാർഷ്ട്യത്തോടെ ആവശ്യപ്പെടുകയാണ് ചെയ്തത്. ഇത്തരം സമൂഹത്തിന് ലഭിക്കുന്ന ദൈവിക ശിക്ഷ ആ സമൂഹത്തിന്റെ അധർമത്തിന്റെയും അക്രമത്തിന്റെയും അനിവാര്യ പരിണതിയാണ്. അല്ലാഹു അവരോട് ചെയ്ത കടുംകൈയല്ല; അവർ തന്നെ അവരോട് ചെയ്ത കടുംകൈയാണത്.

ഇബ്റാഹീം (അ) വളരെ ദയാശീലനും ദീനാനുകമ്പിയുമായിരുന്നു. إِنَّ إِبْرَاهِيمَ لَحَلِيمٌ أَوَّاهٌ مُّنِيبٌ(ഇബ്റാഹീം വളരെ വിവേകിയും ദീനാനുകമ്പിയും ദൈവഭക്തനുമാകുന്നു) എന്നാണ് *ഹൂദ്* 75-ാം സൂക്തം പറയുന്നത്. ഇബ്റാഹീം ആ ജനതക്കു വേണ്ടി അല്ലാഹുവിനോട് സംസാരിച്ചു നോക്കി. അല്ലാഹുവിന്റെ അലംഘനീയതീരുമാനമാണത്, താങ്കൾ അതിൽ ഇടപെടേണ്ടതില്ല- أَعْرِضْ عَنْ هَٰذَا ۖ إِنَّهُ قَدْ جَاءَ أَمْرُ رَبِّكَ ۖ (*ഹൂദ്*: 76) എന്നാണ് അദ്ദേഹത്തിനു ലഭിച്ച മറുപടി. ഒരു നാടിനെ പൂർണമായി നശിപ്പിക്കുമ്പോൾ അതിലുള്ള സജ്ജനങ്ങളും നശിച്ചുപോവില്ലേ, അതു ന്യായമാണോ എന്നായി ഇബ്റാഹീം (അ). അവിടെ സജ്ജനങ്ങളാരും അവശേഷിക്കുന്നില്ലെന്നും നല്ലവരായി പത്തു പേരെങ്കിലുമുണ്ടെങ്കിൽ ആ നാടിനെ നശിപ്പിക്കുകയില്ലെന്നും അല്ലാഹു വ്യക്തമാക്കിയതായി ബൈബിൾ പറയുന്നുണ്ട്. ഒടുവിൽ ഇബ്റാഹീം (അ) പറഞ്ഞു: അവിടെ നിന്റെ വിശിഷ്ട പ്രവാചകനായ ലൂത്വ് ഉണ്ടല്ലോ. നാടു നശിക്കുമ്പോൾ അതിലെ ദുഷ്ട ജനത്തോടൊപ്പം അദ്ദേഹവും നശിക്കുകയില്ലേ? മലക്കുകൾ പ്രതികരിച്ചു: അവിടെ ആരൊക്കെയാണുള്ളതെന്നും അവരുടെ ഗുണദോഷങ്ങളും നിങ്ങളേക്കാളറിയാം ഞങ്ങൾക്ക്. പിന്നെ ലൂത്വിന്റെ (അ) കാര്യം, അദ്ദേഹത്തെയും കുടുംബത്തെയും ഞങ്ങൾ രക്ഷിക്കും. പക്ഷേ, രക്ഷിക്കപ്പെടുന്ന ലൂത്വ് കുടുംബത്തിൽ അദ്ദേഹത്തിന്റെ ഭാര്യ പെടില്ല. അവൾ സദോമിൽ തന്നെ അവശേഷിക്കുകയും ശിക്ഷിക്കപ്പെടുകയും ചെയ്യും. ഭാര്യയുടെ കുറ്റം എന്താണെന്ന് ഖുർആൻ വിശദീകരിക്കുന്നില്ല. 66:10-ൽ നൂഹ് നബിയുടെയും ലൂത്വ് നബിയുടെയും ഭാര്യമാർ അവരുടെ ഭർത്താക്കളെ വഞ്ചിച്ചു -فَخَانَتَاهُمَا- എന്നു പറയുന്നുണ്ട്. ഈ വഞ്ചന പ്രവാചകന്മാരുടെ ഭാര്യമാരായിരുന്നിട്ടും അവരുടെ പ്രവാചകത്വത്തിലും പ്രബോധനത്തിലും വിശ്വസിക്കാതിരുന്നതാവാം, വിശ്വാസിനികളായി നടിച്ചുകൊണ്ട് രഹസ്യമായി അവിശ്വാസികളെ സഹായിക്കുകയും ഭർത്താക്കന്മാരെ ഒറ്റുകൊടുക്കാൻ ശ്രമിക്കുകയും ചെയ്തതാവാം. സൂറ *ഹൂദ്* 69-76 സൂക്തങ്ങളിൽ മലക്കുകൾ ഇബ്റാഹീം നബിയെ സന്ദർശിച്ച സംഭവം കുറേകൂടി വിശദമായി പറയുന്നുണ്ട്. കൂടുതൽ വിശദീകരണം *ഖുർആൻ ബോധനം* പ്രസ്തുത സൂക്തങ്ങൾക്കു താഴെ കാണാം. ●

---

وَلَمَّا أَن جَاءَتْ رُسُلُنَا لُوطًا سِيءَ بِهِمْ وَضَاقَ بِهِمْ ذَرْعًا وَقَالُوا لَا تَخَفْ وَلَا تَحْزَنْ ۖ إِنَّا مُنَجُّوكَ وَأَهْلَكَ إِلَّا امْرَأَتَكَ كَانَتْ مِنَ الْغَابِرِينَ ﴿٣٣﴾

33. അനന്തരം നമ്മുടെ ദൂതന്മാർ ലൂത്വിന്റെ അടുത്തെത്തിയപ്പോൾ, അവരുടെ ആഗമനത്തിൽ അദ്ദേഹം വല്ലാതെ പരിഭ്രമിക്കുകയും നിസ്സഹായനാവുകയും ചെയ്തു. ആഗതർ അദ്ദേഹത്തെ സമാധാനിപ്പിച്ചു: ഭയപ്പെടേണ്ട. ദുഃഖിക്കുകയും വേണ്ട. താങ്കളെയും കുടുംബത്തെയും ഞങ്ങൾ രക്ഷിക്കുന്നതാകുന്നു - താങ്കളുടെ പത്നിയെ ഒഴിച്ച്; അവൾ പുറകിൽ അവശേഷിക്കുന്നവരുടെ കൂട്ടത്തിലാകുന്നു.

إِنَّا مُنزِلُونَ عَلَىٰ أَهْلِ هَٰذِهِ الْقَرْيَةِ رِجْزًا مِّنَ السَّمَاءِ بِمَا كَانُوا يَفْسُقُونَ ﴿٣٤﴾

34. ഞങ്ങൾ ഈ നാട്ടുകാർക്കു മീതെ, അവർ ചെയ്തുകൊണ്ടിരിക്കുന്ന ധർമധിക്കാര നടപടികളുടെ ഫലമായി വാനലോകത്തുനിന്നുള്ള ശിക്ഷ വർഷിക്കാൻ പോകുന്നു.

وَلَقَد تَّرَكْنَا مِنْهَا آيَةً بَيِّنَةً لِّقَوْمٍ يَعْقِلُونَ ﴿٣٥﴾

35. ആ നാടിനെ നാം ഒരു തെളിഞ്ഞ ദൃഷ്ടാന്തമായി അവശേഷിപ്പിച്ചിരിക്കുന്നു; ബുദ്ധി ഉപയോഗിച്ച് പാഠം പഠിക്കുന്ന ജനത്തിന്.

**33-35**

وَلَمَّا أَن جَاءَتْ رُسُلُنَا لُوطًا = (അനന്തരം) നമ്മുടെ ദൂതന്മാർ ലൂത്വിന്റെ അടുത്ത് ചെന്ന(ടുത്തെത്തിയ)പ്പോൾ

سِيءَ بِهِمْ = അവരെക്കൊണ്ട് (വരുടെ ആഗമനത്തിൽ) അദ്ദേഹം (വല്ലാതെ) പരിഭ്രമിച്ചു

وَضَاقَ بِهِمْ ذَرْعًا = അവരെക്കൊണ്ട് കണങ്കൈയാൽ ഇടുങ്ങി (നിസ്സഹായനാവുകയും ചെയ്തു)

وَقَالُوا = അവർ (ആഗതർ) പറഞ്ഞു (അദ്ദേഹത്തെ സമാധാനിപ്പിച്ചു)

لَا تَخَفْ = താങ്കൾ ഭയപ്പെടേണ്ട وَلَا تَحْزَنْ ۖ = ദുഃഖിക്കുകയും വേണ്ട

إِنَّا مُنَجُّوكَ وَأَهْلَكَ= താങ്കളെയും കുടുംബത്തെയും ഞങ്ങൾ രക്ഷിക്കുന്ന(താകുന്നു)വരാകുന്നു
إِلَّا امْرَأَتَكَ = താങ്കളുടെ പത്നിയെ ഒഴിച്ച് كَانَتْ مِنَ الْغَابِرِينَ= അവൾ പുറകിൽ അവശേഷിക്കുന്നവരുടെ കൂട്ടത്തിലാകുന്നു
إِنَّا مُنزِلُونَ = ഞങ്ങൾ ഇറക്കുന്നവരാകുന്നു (വർഷിക്കാൻ പോകുന്നു)
عَلَىٰٓ أَهْلِ هَٰذِهِ الْقَرْيَةِ = ഇന്നാട്ടുകാരുടെ മേൽ رِجْزًا= ശിക്ഷയെ مِّنَ السَّمَاءِ = വാനലോകത്തുനിന്നുള്ള
بِمَا كَانُوا يَفْسُقُونَ= അവർ കുറ്റം ചെയ്യുന്നവരായതിനാൽ (ചെയ്തുകൊണ്ടിരിക്കുന്ന ധർമധിക്കാര നടപടികളുടെ ഫലമായി)
وَلَقَد تَّرَكْنَا مِنْهَا= തീർച്ചയായും അതി(ആ നാട്ടി)ൽനിന്ന് നാം ഉപേക്ഷിച്ചു (ആ നാടിനെ ശേഷിപ്പിച്ചിരിക്കുന്നു)
آيَةً بَيِّنَةً= ഒരു തെളിഞ്ഞ ദൃഷ്ടാന്തമായിട്ട് لِّقَوْمٍ يَعْقِلُونَ= ബുദ്ധി ഉപയോഗിക്കുന്ന (ഉപയോഗിച്ച് പാഠം പഠിക്കുന്ന) ജനത്തിന്

ഇബ്റാഹീം നബിയുടെ വസതിയിൽനിന്ന് വിടവാങ്ങിയ മലക്കുകൾ പിന്നെ സദോമിലെത്തി ലൂത്വ് നബിയെ സന്ദർശിച്ചു. അദ്ദേഹത്തിന്റെ പ്രാർഥനയെത്തുടർന്ന് ആ നാട്ടുകാരെ ശിക്ഷിക്കാനാണല്ലോ അവരെത്തിയിരിക്കുന്നത്. അദ്ദേഹത്തെ വിവരമറിയിക്കുകയും അദ്ദേഹത്തിനും കുടുംബത്തിനും രക്ഷാമാർഗം നിർദേശിച്ചുകൊടുക്കുകയും ചെയ്യേണ്ടതുണ്ടായിരുന്നു. കോമള കുമാരന്മാരുടെ രൂപത്തിൽ ആഗതരായ മലക്കുകളെ ലൂത്വ് നബിയും ആദ്യം തിരിച്ചറിഞ്ഞില്ല. മനുഷ്യരായ അതിഥികളാണെന്നാണ് കരുതിയത്. ഇബ്റാഹീം നബിയെപ്പോലെ ആ അതിഥികളെ സന്തോഷപൂർവം സ്വാഗതം ചെയ്യാൻ അദ്ദേഹത്തിനായില്ല. സ്വവർഗഭോഗത്തിൽ ഭ്രാന്തമായി വിഹരിക്കുന്ന നാട്ടുകാരിൽനിന്ന് എങ്ങനെ അവരെ രക്ഷിക്കും എന്നോർത്ത് അദ്ദേഹം പരിഭ്രമിച്ചു. എങ്ങുനിന്നോ എത്തിയ അപരിചിതരായ ദേശാടകർക്ക് ആതിഥ്യം നൽകാതിരിക്കുന്നത് അക്ഷന്തവ്യമായ അപരാധമാകും. ആതിഥ്യം നൽകിയാൽ നാട്ടുകാർ ഉടനെ അവരെ പ്രാപിക്കാൻ തന്റെ വീട്ടിലേക്ക് ഓടിയെത്തും. അവർ തന്റെ കൺമുമ്പിൽവെച്ച് അതിഥികളെ അപമാനിക്കുന്നത് കാണേണ്ടിവരും. അതു തടയാൻ താൻ തികച്ചും അശക്തനും നിസ്സഹായനുമാണ് ലൂത്വ്. ഈ പ്രതിസന്ധിയെയാണ് سِيٓءَ بِهِمْ وَضَاقَ بِهِمْ ذَرْعًا എന്നു വിശേഷിപ്പിച്ചിരിക്കുന്നത്. ഈ വാക്കിന്റെ ആശയം *ഖുർആൻ ബോധനം* സൂറ *ഹൂദ്* 77-ാം സൂക്തത്തിനു താഴെ വിശദീകരിച്ചിരിക്കുന്നു.

ലൂത്വ് നബിയുടെ പരിഭ്രമം അസ്ഥാനത്തായിരുന്നില്ല. അദ്ദേഹത്തിന്റെ വീട്ടിൽ സുന്ദരന്മാരായ കുറേ കുമാരന്മാരെത്തിയിരിക്കുന്നു എന്നറിഞ്ഞ നാട്ടുകാർ അങ്ങോട്ടോടിയെത്തി. എന്റെ അതിഥികളെ അപമാനിച്ചുകൊണ്ട് എന്നെ നിന്ദിക്കരുതെന്നും വേണമെങ്കിൽ എന്റെ പെൺമക്കളിതാ ഇവിടെ ഉണ്ടെന്നും അദ്ദേഹം അവരോട് കേണപേക്ഷിച്ചു. അതൊന്നും കേൾക്കാൻ നാട്ടുകാർ തയാറായിരുന്നില്ല. തങ്ങൾ ഈ ഭൂമിയിൽനിന്ന് തുടച്ചുനീക്കപ്പെടാൻ തികച്ചും അർഹരായിക്കഴിഞ്ഞിരിക്കുന്നുവെന്ന് വിളിച്ചോതുന്നതായിരുന്നു അവരുടെ സമീപനം.

ഈ സന്ദർഭത്തിൽ മലക്കുകൾ അവരുടെ അസ്തിത്വം വെളിപ്പെടുത്തിക്കൊണ്ട് അദ്ദേഹത്തോട് പറഞ്ഞു; പേടിക്കേണ്ട, ദുഃഖിക്കുകയും വേണ്ട. ഈയാളുകൾക്ക് ഞങ്ങളെ പ്രാപിക്കാനാവില്ല. ഈ നാട്ടുകാരുടെ നികൃഷ്ടമായ പാപകൃത്യങ്ങളുടെ ഫലമായി ഇവർക്കുമേൽ ദൈവശിക്ഷയിറക്കാൻ എത്തിയ മലക്കുകളാണ് ഞങ്ങൾ. താങ്കളെയും കുടുംബത്തെയും ഞങ്ങൾ ഈ മഹാശിക്ഷയിൽനിന്ന് രക്ഷപ്പെടുത്തും. ഇന്നത്തെ രാത്രി കുറേ ചെല്ലുമ്പോൾ താങ്കളും കുടുംബവും ഈ നാട്ടിൽനിന്ന് പലായനം ചെയ്യണം. എന്നാൽ രക്ഷിക്കപ്പെടുന്നവരുടെ കൂട്ടത്തിൽ താങ്കളുടെ ഭാര്യ പെടില്ല. അവൾ ശിക്ഷിക്കപ്പെടുന്നവരുടെ കൂട്ടത്തിലേക്ക് പിന്തള്ളപ്പെടും. كَانَتْ مِنَ الْغَابِرِينَ -ന്റെ ആശയം സൂറ *അന്നംല്* 57-ാം സൂക്തത്തിനു താഴെ വിശദീകരിച്ചിരിക്കുന്നു. കാണുന്നവരെയും കേൾക്കുന്നവരെയും നടുക്കുകയും വിറകൊള്ളിക്കുകയും ചെയ്യുന്ന ശിക്ഷയാണ് رجز. ആകാശത്തുനിന്നുള്ളതുകൂടി ആകുമ്പോൾ അത് കൂടുതൽ കഠോരവും ഭീകരവുമാണെന്നു വരുന്നു.

ലൂത്വ് ജനതയുടെ ആവാസ കേന്ദ്രത്തിനരികിലൂടെയാണ് ഖുറൈശികളുടെ സിറിയയിലേക്കുള്ള കച്ചവട പാത കടന്നുപോകുന്നത്. അവർ ആ പാതയിലൂടെ നിരന്തരം സഞ്ചരിക്കാറുമുണ്ടായിരുന്നു. സൂറ: *അസ്സ്വാഫ്ഫാത്ത്* 137-ാം സൂക്തത്തിൽ وَإِنَّكُمْ لَتَمُرُّونَ عَلَيْهِم مُّصْبِحِينَ ﴿١٣٧﴾ وَبِاللَّيْلِ -നിങ്ങൾ രാപ്പകൽ അതുവഴി കടന്നുപോകുന്നുണ്ട്- എന്ന് പ്രസ്താവിച്ചിരിക്കുന്നു. ഭൂമിയിൽ സഞ്ചരിച്ച് പഠിക്കണമെന്ന് ഖുർആൻ ഉദ്ബോധിപ്പിക്കുന്ന ചരിത്രപാഠങ്ങളിൽ പ്രധാനമായ ഈ പ്രദേശത്തെയാണ് ഇവിടെ آيَةً بَيِّنَةً എന്നു പറഞ്ഞിരിക്കുന്നത്. അടയാളങ്ങൾ സുവ്യക്തമാണെങ്കിലും ബുദ്ധി ഉപയോഗിച്ച് നിരീക്ഷിക്കുന്നവർക്കു മാത്രമേ അതിലടങ്ങിയ ആത്മീയ-ധാർമിക പാഠങ്ങൾ ഗ്രഹിക്കാൻ കഴിയൂ. ●